# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1663 — 14.12.2012-ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.കെ.എസ്.സലീഖ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) | നടപ്പു സാമ്പത്തികവർഷം തദ്ദേശസ്വയംഭരണ വകുപ്പിന് നീക്കിവച്ച തുക എത്ര ; നവംബർ മാസം 30 വരെ എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ ; | എ) | നടപ്പു സാമ്പത്തികവർഷം തദ്ദേശസ്വയംഭരണ വകുപ്പിന് 4714.41 കോടി രൂപ (കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ) നീക്കി വച്ചിട്ടുണ്ട്. ലഭ്യമായ കണക്കനുസരിച്ച് ഒക്ടോബർ 31 വരെ 551.79 കോടി രൂപ (12%) ചെലവഴിച്ചിട്ടുണ്ട്. |
| ബി) | തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിൽ വരുത്തുന്ന വീഴ്ചകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | ബി) യും സി) യും ഡി) യും | കഴിഞ്ഞ കാലങ്ങളിൽ പദ്ധതി നിർവഹണത്തിലുണ്ടായിട്ടുള്ള അനുഭവങ്ങളുടെയും കണ്ട വീഴ്ചകളുടെയും പശ്ചാത്തലത്തിൽ ഈ വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2012-13 വാർഷിക പദ്ധതിയും 12-ാം പഞ്ചവത്സര പദ്ധതി (2012-17)യും സംബന്ധിച്ച മാർഗ്ഗ രേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികളാണ് നടന്നു വരുന്നത്.<br>പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ പ്രകാരം അതത് വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി മോണിട്ടറിംഗ് നടത്തണമെന്നും നടപ്പിലാക്കുന്ന പദ്ധതികൾ വിലിരുത്തു |
| സി) | സമയബന്ധിതമായി പദ്ധതികൾ തയ്യാറാക്കുന്നതിനും പണം ചെലവഴിക്കുന്നതിനും പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | | |
| ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് | | |

ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം ആവശ്യമാണെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം രംഗത്താണെന്ന് വ്യക്തമാക്കുമോ ;

ന്നതിന് വളരെ ശക്തമായ സോഷ്യൽ ഓഡിറ്റ് സംവിധാനം കൊണ്ടുവരേണ്ടതാണെന്നും അതിന്റെ റിപ്പോർട്ടുകൾ പൊതുജനങ്ങൾക്കായി പ്രസിദ്ധപ്പെടുത്തുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നതിന് ജില്ലാതലത്തിൽ ക്വാളിറ്റി മോണിട്ടേഴ്സിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ ഡി.പി.സി.യെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനും ഒരു ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് രൂപീകരിക്കുന്നതിനുമുള്ള നിർദ്ദേശവുമുണ്ട്. കൂടാതെ സമയബന്ധിതമായി പദ്ധതികൾ തയ്യാറാക്കുന്നതിനും പണം ചെലവഴിക്കുന്നതിനും മതിയായ നിർദ്ദേശങ്ങൾ ഈ മാർഗ്ഗരേഖകളിലുണ്ട്. ഇവയിൽ വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. അനിവാര്യ വകയിരുത്തലുകൾക്ക് ശേഷം അവശേഷിക്കുന്ന തുക ഉല്പാദന - സേവന പശ്ചാത്തല മേഖലകൾക്കായി യഥേഷ്ടം വിനിയോഗിക്കുന്നതിനുള്ള അനുമതിയും പശ്ചാത്തല മേഖലയ്ക്ക് 45% ഉപരി പരിധിയുമാണ്.

ഇ) നിലവിലുള്ള ഉപാധിരഹിത ഫണ്ട് എത്രയാണ് ; ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

ഇ) സംസ്ഥാനത്തിന്റെ ഈ വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി സംസ്ഥാന സർക്കാരിന്റെ പൊതുമാർഗ്ഗനിർദ്ദേശങ്ങൾക്കുള്ളിൽ നിന്നുകൊണ്ട്

| | | | |
|---|---|---|---|
| | | | മുൻഗണനാക്രമം നിശ്ചയിച്ച് പദ്ധതികൾ നടപ്പിലാക്കാൻ പൂർണ്ണ സ്വാതന്ത്ര്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ആകെ 304632.36 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. വർധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| എഫ്) | സർക്കാർ തലത്തിലുള്ള ചില നിയന്ത്രണങ്ങൾ യഥാ സമയം പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസത്തിനിടയാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ